# കേരള കാർഷിക സർവ്വകലാശാല

മെയിൻ കാമ്പസ്, വെള്ളാനിക്കര

നമ്പർ. ജിഎ/എ 2/9198/2018 തിയ്യതി: 07/07/2018.

## പരിപത്രം

വിഷയം : കേരള കാർഷിക സർവ്വകലാശാല - പൊതു ഭരണം - കോഴിക്കോട് സർവ്വകലാശാലയിലേക്കുള്ള അസിസ്റ്റന്റുമാരുടെ രണ്ടാംഘട്ട അന്തർസർവ്വകലാശാല സ്ഥലം മാറ്റം- സംബന്ധിച്ച്

സൂചന: സർക്കാർ ഉത്തരവ് (കൈ) നമ്പർ 123/2017/ഉ.വി.വ തിയ്യതി 09/05/2017.

---------------

മേൽ സൂചന സർക്കാർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിൽ നിയമനം ലഭിച്ചവർക്ക് പ്രൊബേഷൻ മാനദണ്ഡമാക്കാതെ സർവ്വീസ് സീനിയോറിറ്റിയുടേയും ഓപ്ഷൻെറയും അടിസ്ഥാനത്തിൽ അന്തർ സർവ്വകലാശാല സ്ഥലം മാറ്റം നൽകി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സർവ്വകലാശാലയിലേക്ക് അന്തർ സർവ്വകലാശാല സ്ഥലം മാറ്റം അനുവദിക്കുന്നതിനായി ഈ സർവ്വകലാശാലയിലെ അസിസ്റ്റന്റ് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

പൂരിപ്പിച്ച അപേക്ഷകൾ 23/07/2018 ന് വൈകീട്ട് 5 മണിക്ക് മുമ്പായി സർവ്വകലാശാല രജിസ്ട്രാർക്ക് ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ഒരിക്കൽ നൽകിയ അപേക്ഷകൾ അന്തിമമായിരിക്കും. അപേക്ഷകളിൽ യാതൊരുവിധമാറ്റവും പിന്നീട് വരുത്തുവാൻ അനുവദിക്കുന്നതല്ല.

അപേക്ഷകൾ പിൻവലിക്കാനാഗ്രഹിക്കുന്നവർ 31/07/2018 ന് 5 മണിക്ക് മുമ്പായി സ്റ്റേഷൻ മേധാവി മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിശ്ചിത തിയ്യതിക്കു ശേഷം ലഭിക്കുന്ന പിൻവലിക്കാനുള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അന്തർ സർവ്വകലാശാല ഒന്നാം ഘട്ടത്തിൽ കോഴിക്കോട് സർവ്വകലാശാല ഓപ്ഷൻ നൽകി സ്ഥലം മാറ്റം ലഭിക്കാത്തവർ പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

എല്ലാ സ്റ്റേഷൻ മേധാവികളും തങ്ങളുടെ കീഴിലുള്ള അസിസ്റ്റന്റ് വിഭാഗം ജീവനക്കാരെ ഈ പരിപത്രത്തിന്റെ ഉള്ളടക്കം ശ്രദ്ധയിൽ പെടുത്തേണ്ടതും, ലഭ്യമായ അപേക്ഷകൾ സമയപരിധിക്കുള്ളിൽ സർവ്വകലാശാല രജിസ്ട്രാർക്ക് തുടർ നടപടികൾക്കായി അയക്കേണ്ടതുമാണ്.

അപേക്ഷയുടെ മാതൃക അന്യത്ര ചേർത്തിരിക്കുന്നു.

PS 9/7/18

രജിസ്ട്രാർ

സ്വീകർത്താവ്

1. എല്ലാ സ്റ്റേഷൻ മേധാവികൾക്കും,
2. സർവ്വകലാശാല ആസ്ഥാനത്തെ സെക്ഷൻ ഓഫീസർമാർക്കും (കീഴിലുള്ള അസിസ്റ്റന്റുമാരുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന്)

പകർപ്പ്: വൈസ് ചാൻസിലറുടെ പി എസ്/വൈസ് ചാൻസിലറുടെ പി എ/രജിസ്ട്രാറുടെ പിഎ/കംപ്ട്രോളറുടെ പി എ/ജോയിന്റ് രജിസ്ട്രാർ ഭരണം - I&II/അസിസ്റ്റന്റ് രജിസ്ട്രാർ ഭരണംI&II/സിസ്റ്റംസ് മാനേജർ(കെ.എ.യു.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)/ സെക്ഷൻ ഓഫീസർ-ജിഎ-എ/കരുതൽ/മിച്ചം.

M S,09.7.2018 *ലാപ്പ്

## അന്തർ സർവ്വകലാശാല സ്ഥലം മാറ്റം അനുവദിയ്ക്കുന്നതിനുള്ള അപേക്ഷ

1. പേരും തസ്തികയും :

2. ഓഫീസ്/വകുപ്പ്/വിഭാഗം :

3. സ്ഥിരം മേൽവിലാസം :

4. പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് നിയമിക്കപ്പെട്ടതാണോ? :

5. ഫോൺ നമ്പർ, മൊബൈൽ നമ്പർ :
   ലാന്റ് ഫോൺ നമ്പർ :

6. കെ.എ.യു സർവ്വീസിൽ പ്രവേശിച്ച തിയ്യതി :

7. ശമ്പളവും ശമ്പള സ്കെയിലും :

8. ഇപ്പോഴത്തെ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച തിയ്യതി :

9. മാറ്റം ലഭിയ്ക്കേണ്ട സർവ്വകലാശാല :

മേൽ പ്രസ്താവിച്ച വിവരങ്ങൾ എന്റെ അറിവിൽപ്പെട്ടിടത്തോളം സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ഒപ്പ് :

തിയ്യതി : പേര് :

തസ്തിക :

സ്ഥാപന മേധാവിയുടെ/മേലുദ്യോഗസ്ഥന്റ്റ മേലൊപ്പ്

ഐഎസ്എസ് *5